പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3936

11/11/2019 ൽ മറുപടി നല്കേണ്ടത്.

## മെൻറൽ ഹെൽത്ത് കെയർ ആക്ടിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) മെൻറൽ ഹെൽത്ത് കെയർ ആക്ടിൻ കീഴിൽ സംസ്ഥാന തലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ അതിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ; | എ) മെന്റൽ ഹെൽത്ത് കെയർ ആക്ട് -2017 ൽ ഒക്കുപേഷണൽ തെറാപിസ്റ്റിന്റെ സേവനത്തിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ, ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ തയ്യാറാക്കുന്ന റൂൾസിൽ, ഈ വിഷയം ഉൾപ്പെടുത്താൻ കഴിയുകയില്ല. |
| ബി) റൈറ്റ്സ് ടു പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിൻ കീഴിൽ സംസ്ഥാനതലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി; ചട്ടങ്ങൾ രൂപീകരണ യോഗങ്ങളിൽ ഏതെല്ലാം പ്രൊഫഷണലുകളാണ് ഉൾപ്പെടുന്നതെന്നും ഇതുവരെ എത്ര യോഗങ്ങൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | ബി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ദി റൈറ്റ്സ് ടു പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്-2016 ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടങ്ങളുടെ കരട് രൂപീകരിക്കുകയും പൊതുജനാഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ രണ്ട് മീറ്റിംഗുകൾ 13.07.2017, 11.1.2018 തീയതികളിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br>ചട്ടങ്ങളുടെ കരട് രൂപീകരിക്കുന്നതിലേയ്ക്ക് സാമൂഹ്യനീതിഡയറക്ടറേറ്റിന് വേണ്ടി 6.6.2017 ൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു ഏകദിന 'കൺസൾട്ടേഷൻസ് മീറ്റിംഗ്' സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സാമൂഹ്യനീതി വകുപ്പിലെയും കേരള സാമൂഹ്യ സുരക്ഷാമിഷനിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കുകയും ചട്ടങ്ങൾ രൂപീകരിക്കേണ്ട വിഷയങ്ങൾ |

സംബന്ധിച്ച രീതിയും തുടർനടപടികളും ചർച്ച ചെയ്യുകയുമുണ്ടായി. ഇതിനെ തുടർന്ന് 2017 ജൂൺ 16 & 17 തീയതികളിൽ കോവളം ആനിമേഷൻ സെന്ററിൽ വച്ച് ഒരു "റൈറ്റ് ഷോപ്പ് " സംഘടിപ്പിക്കുകയും വിവിധ അംഗപരിമിത മേഖലകളെ പ്രതിനിധീകരിക്കുന്ന 43 വിദഗ്ധർ പങ്കെടുക്കുകയും ചെയ്തു.

ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 8.1.2018, 2.2.2019, 16.10.2019 തീയതികളിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 31.1.2019 തീയതിയിൽ സാമൂഹ്യനീതിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വിവിധ വകുപ്പ് പ്രതിനിധികളുടെയും അംഗപരിമിത മേഖലയിലെ വിദഗ്ദരുടെയും യോഗങ്ങൾ ചേർന്നിട്ടുണ്ട്.

<u>13.07.2017 തീയതിയിൽ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ശ്രീമതി. ഷീല ദാസ്, ജോയിന്റ് സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
2. ശ്രീമതി . ചന്ദന. അണ്ടർ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
3. ശ്രീ. മൊയ്തീൻ, ആൾ കേരള പേരന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ് തിരുവനന്തപുരം.
4. ശ്രീമതി. ശ്രീലത. പി.ആർ, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
5. ശ്രീ. പ്രതാപചന്ദ്രൻ , നിയമ വകുപ്പ്
6. ശ്രീ. സന്തോഷ് , ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. ഷണ്മുഖം, ആൾ കേരള അസോസിയേഷൻ ഓഫ് ദി ഡഫ്
8. ശ്രീ. സഹീറുദ്ദീൻ, SID, കേരള സാമൂഹ്യ സുരക്ഷാമിഷൻ , തിരുവനന്തപുരം.
9. ശ്രീ. ജോർജ്ജ് ഫ്രാൻസിസ് .എം.എ, ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്
10. ശ്രീ. ആർ പ്രദീപ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ്, പത്തനംതിട്ട
11. ശ്രീ. സതീഷ് ചന്ദ്രൻ നായർ, Former Head of VRC

<u>11.1.2018 തീയതിയിൽ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ശ്രീ. അനിൽകുമാർ ICCONS
2. ശ്രീ. വർഗ്ഗീസ് മാത്യു ICCONS
3. ഡോ. സാമുവൽ .എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്
4. ശ്രീ. ജെയിംസ് പി. മാത്യു, കേരള ഫെഡറേഷൻ ഓഫ്

ബ്ലൈൻഡ്.

5.ശ്രീ. സജീവൻ, സി, സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്.

6. ശ്രീ. ജേക്കബ്. SNAC കോ- ഓർഡിനേറ്റർ

7. ശ്രീ.സഹീറുദ്ദീൻ. SID,കേരള സാമൂഹ്യ സുരക്ഷാമിഷൻ . തിരുവനന്തപുരം.

8. ശ്രീ. റഹീമുദ്ദീൻ , ജോയിന്റ് ഡയറക്ടർ, CDMRP, കോഴിക്കോട്.

| | |
|---|---|
| സി) മെന്റൽ ഹെൽത്ത് കെയർ ആക്ടിൻ കീഴിൽ സംസ്ഥാന തലത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി; ചട്ടങ്ങൾ രൂപീകരണ യോഗങ്ങളിൽ റീഹാബിലിറ്റേഷൻ മേഖലയിലുള്ള ഏതെല്ലാം പ്രൊഫഷണലുകളാണ് ഉൾപ്പെടുന്നതെന്നും ഇതുവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | സി) മെന്റൽ ഹെൽത്ത് കെയർ ആക്ട് -2017 പ്രകാരമുള്ള സംസ്ഥാന കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 28/10/2019 ൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരട്ചട്ടങ്ങൾ സംബന്ധിച്ച് അഭിപ്രായം അറിയിക്കുവാനായി കരട് ചട്ടത്തിന്റെ പകർപ്പ് ആരോഗ്യവകുപ്പ്ഡയറക്ടർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം നോഡൽ ഓഫീസർ, മാനസികാരോഗ്യകേന്ദ്രം സൂപ്രണ്ടുമാർ, മെഡിക്കൽ കോളേജ് സൈക്യാട്രിവിഭാഗം മേധാവികൾ എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിഹാബിലിറ്റേഷൻ മേഖലയിലുള്ള പ്രൊഫഷണലുകൾ ഉൾപ്പെടുന്ന യോഗം ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ